# എട്ടാം സമ്മേളനം

## (2017 നവംബർ 09)

<u>മുഖ്യമന്ത്രി പത്രസമ്മേളനം നടത്തിയത് സംബന്ധിച്ച്</u>

1952-ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടിലെ സെക്ഷൻ 3 (4) പ്രകാരം കമ്മീഷൻ റിപ്പോർട്ടും അതിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭയിൽ സമർപ്പിക്കേണ്ടതുണ്ടെങ്കിലും ജസ്റ്റിസ് (റിട്ട.) ജി. ശിവരാജൻ കമ്മീഷൻ റിപ്പോർട്ട് സഭയിൽ വയ്ക്കുന്നതിനുമുമ്പ് കമ്മീഷന്റെ നിഗമനങ്ങളും നിയമോപദേശങ്ങളും മുഖ്യമന്ത്രി പത്രസമ്മേളനം നടത്തി വിശദീകരിച്ചത് ചട്ടലംഘനവും സഭയോടുള്ള അവഹേളനവുമായതിനാൽ ഇക്കാര്യം പരിശോധിക്കണമെന്ന് പ്രതിപക്ഷനേതാവും സോളാർ കമ്മീഷൻ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനുമുമ്പ് മുഖ്യമന്ത്രി പ്രസ്തുത റിപ്പോർട്ടിലെ നിഗമനങ്ങൾ പത്രസമ്മേളനത്തിൽ വിശദീകരിച്ചത് സംബന്ധിച്ച് പരിശോധിക്കണമെന്ന് ഒരംഗവും ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടു.

കഴിഞ്ഞ സർക്കാർ നിശ്ചയിച്ച കമ്മീഷന്റെ റിപ്പോർട്ട് നടപടിക്രമമനുസരിച്ച് സഭയിൽ വയ്ക്കുകയാണ് ചെയ്തതെന്നും മന്ത്രിസഭാ തീരുമാനം വരുന്നതോടെ റിപ്പോർട്ട് പൊതുസ്വത്തായി മാറുന്നതിന്റെ ഭാഗമായാണ് പത്രസമ്മേളനത്തിൽ കാര്യങ്ങൾ വിശദീകരിച്ചതെന്നും

റിപ്പോർട്ടുമായി ബന്ധപ്പെട്ട ഒരു കാര്യവും ഇതുവരെ പുറത്തുവന്നിട്ടില്ലെന്നും അത് റിപ്പോർട്ട് വായിക്കുമ്പോൾ എല്ലാവർക്കും ബോധ്യപ്പെടുന്നതാണെന്നും മുഖ്യമന്ത്രി വിശദീകരണം നൽകി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി.*

" 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടിലെ വ്യവസ്ഥ പ്രകാരം നിയോഗിക്കപ്പെട്ട ജസ്റ്റിസ് (റിട്ട.) ജി. ശിവരാജൻ കമ്മീഷൻ റിപ്പോർട്ടിലെ നിഗമനങ്ങളും നിയമോപദേശങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ മുഖ്യമന്ത്രി റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനുമുമ്പ് പത്രസമ്മേളനത്തിൽ വെളിപ്പെടുത്തിയെന്നും അത് സഭയുടെ കീഴ്‌വഴക്കങ്ങൾക്ക് വിരുദ്ധമായ നടപടിയാണെന്നുമാണ് പ്രതിപക്ഷ നേതാവ് ക്രമപ്രശ്നം ഉന്നയിച്ചിരിക്കുന്നത്. ഇക്കാര്യം സംബന്ധിച്ച് മുഖ്യമന്ത്രി വിശദീകരണം നടത്തുകയുണ്ടായി. 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ട് സെക്ഷൻ 3 (4) പ്രകാരം അന്വേഷണ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചുകഴിഞ്ഞാൽ 6 മാസത്തിനകം അതിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് സഹിതം സഭയിൽ സമർപ്പിക്കേണ്ടതാണെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. 2017 സെപ്റ്റംബർ 27-ന് സർക്കാരിന് ലഭിച്ച കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ചുള്ള നടപടി വിശദാംശങ്ങളാണ് ഇന്ന്

---

* XIV KLA VIII SessionVol. No. 169/No. 1 dated 09.11.2017

സഭയിൽ ലഭ്യമായിട്ടുള്ളത്. ഇത് അങ്ങേയറ്റം മാതൃകാപരവും അഭിനന്ദനാർഹവുമാണ്. റിപ്പോർട്ടിലെ നിരീക്ഷണങ്ങളുടെയും ശിപാർശകളുടെയും അടിസ്ഥാനത്തിൽ സർക്കാരിന് ലഭിച്ച നിയമോപദേശത്തിന്റെയും മന്ത്രിസഭാ തീരുമാനത്തിന്റെയും വിശദാംശങ്ങൾ മാത്രമാണ് 11.10.2017-ലെ പത്രസമ്മേളനത്തിലൂടെ വെളിപ്പെടുത്തിയതെന്നും മറിച്ച് കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളുടെ മെരിറ്റിലേയ്ക്ക് കടന്നിട്ടില്ലെന്നുമാണ് മുഖ്യമന്ത്രി ഇവിടെ വിശദീകരിച്ചത്. അത് ന്യായയുക്തമാണെന്ന് കാണുന്നു. ഇതിൽ സഭയുടെ കീഴ്‌വഴക്കങ്ങളുടെയോ ചട്ടങ്ങളുടെയോ ലംഘനമുള്ളതായി കാണുന്നില്ല, ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. ”